കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in

# പ്രൊഫഷണൽ നാടകങ്ങൾക്കുള്ള സംസ്ഥാന അവാർഡിന് അപേക്ഷ ക്ഷണിച്ചു

കേരള സംഗീത നാടക അക്കാദമി പ്രൊഫഷണൽ നാടകങ്ങൾക്ക് നൽകുന്ന സംസ്ഥാന അവാർഡിന് വേണ്ടിയുള്ള മത്സരത്തിലേക്ക് അപേക്ഷ ക്ഷണിച്ചു. 2022 ജനുവരി ഒന്നിനും ഡിസംബർ 31 നും മധ്യേ ആദ്യമായി അവതരിപ്പിച്ചിട്ടുള്ള നാടകങ്ങളുടെ സംഘങ്ങൾക്കാണ് ആവശ്യമായ രേഖകളും സാക്ഷ്യപത്രവും സഹിതം ഇതിലേക്ക് അപേക്ഷിക്കാൻ കഴിയുക. അക്കാദമിയുടെ അംഗീകാരമുള്ള പ്രൊഫഷണൽ നാടകസംഘങ്ങളാണ് അപേക്ഷിക്കേണ്ടത് . ഒരു നാടകസംഘത്തിന് ഒരു നാടകം മാത്രമേ അവാർഡിന് അയക്കാൻ കഴിയുകയുള്ളു. സ്ക്രിപ്റ്റിന്റെ ഡി.ടി.പി ചെയ്ത അഞ്ചുകോപ്പി, 2022 ജനുവരി ഒന്നിനും ഡിസംബർ 31 നും മധ്യേ നാടകം അവതരിപ്പിച്ചതിന്റെ രേഖ ,നാടക അവതരണത്തിന്റെ വീഡിയോ അടങ്ങിയ പെൻഡ്രൈവ്, നാടകകൃത്തിന്റെ സമ്മതപത്രം എന്നിവ ഉള്ളടക്കം ചെയ്ത അപേക്ഷ മെയ് മൂന്നിനകം അക്കാദമിയിൽ സമർപ്പിക്കണം. അപേക്ഷ സമർപ്പിക്കാനുള്ള തീയ്യതി ദീർഘിപ്പിക്കുകയോ വൈകി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുകയോ ചെയ്യില്ലെന്ന് സെക്രട്ടറി കരിവെള്ളൂർ മുരളി പറഞ്ഞു.നാലംഗ വിദഗ്ദ സമിതി അപേക്ഷകൾ പരിശോധിച്ച് പരമാവധി പത്ത് നാടകങ്ങളെ മത്സരത്തിന് തെരഞ്ഞെടുക്കും. തെരഞ്ഞെടുക്കപ്പെടുന്ന നാടകങ്ങൾ അക്കാദമി നിർദ്ദേശിക്കുന്ന സ്ഥലത്തും സമയത്തും അവതരണം നടത്തണം. അവതരണം നടത്തുന്ന ഈ നാടകങ്ങളെ 19 കാറ്റഗറിയിലുള്ള അവാർഡിന് പരിഗണിക്കുകയും അവാർഡ് നൽകുകയും ചെയ്യുമെന്ന് സെക്രട്ടറി അറിയിച്ചു.ഇതു സംബന്ധിച്ച വിശദാംശങ്ങൾക്ക് അക്കാദമി വെബ്സൈറ്റായ http://www.keralasangeethanatakaakademi.in ൽ ലഭ്യമാണ്.

കരിവെള്ളൂർ മുരളി
സെക്രട്ടറി